POLICE DEPARTMENT
KERALA

**No. E3-69828/2025/T**
District Police Office,
Thiruvananthapuram Rural
✉sptvmrl.pol@kerala.gov.in
☏04712302296
Dated. 04-07-2026

## ലേല പരസ്യം

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിലേ പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടി കാര്യാലയത്തിൻറെ ഇരു വശങ്ങളിലായി കിടക്കുന്ന ബാക്കി വന്നിട്ടുള്ള മണ്ണ് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് ഓഫീസ് പരിസരത്ത് വച്ച് **20.07.2026 തീയതി രാവിലെ 11.00 മണിക്ക്** പരസ്യമായി ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു.

**ലേല നിബന്ധനകൾ ചുവടെ ചേർക്കുന്നു.**

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യ സമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരതദ്രവ്യം (2,687/- രൂപ) കെട്ടി വച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്.നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരതദ്രവ്യം കെട്ടിവെച്ചവരെ മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ അവരുടെ ഫോട്ടോ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകൾ ലേല ദിവസം കൊണ്ട് വരേണ്ടതാണ്;
2. സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം 19.07.2026 3.00 മണി വരെ സമർപ്പിക്കാവുന്നതാണ്. ദർഘാസ് സമർപ്പിച്ചിട്ടുള്ളവരെല്ലാം ലേല സമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്.
3. പരസ്യ ലേലം കഴിഞ്ഞ ഉടൻ ദർഘാസ് അടങ്ങിയ കവറുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിൽ ലേലം താത്കാലികമായി സ്ഥിരപ്പെടുത്തുകയും ചെയ്യും.ലേലം നഷ്ടപ്പെടുന്നവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ലഭിച്ചാലുടൻ തന്നെ ലേലം കൊണ്ടയാൾ ലേലതുകയുടെ 20% തുക ലേലദിവസം തന്നെ അടയ്ക്കേണ്ടതും ബാക്കി തുക ലേല സ്ഥിതീകരണ തീയതി മുതൽ ഒരാഴ്ചയ്ക്കകം (07 ദിവസം ) അടയ്ക്കേണ്ടതുമാണ്.ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം ടിയാൻ അടച്ചിട്ടുള്ള തുക സർക്കാരിൽ കണ്ടു കെട്ടുന്നതായിരിക്കും കൂടാതെ ലേലം കൊണ്ടയാൾ സ്വന്തം ചിലവിൽ ടി മണ്ണ് മാറ്റേണ്ടതുമാണ്.
4. ലേലം കൊണ്ടയാൾക്ക് എത്ര തുകയ്ക്കാണോ ലേലം ഉറപ്പിച്ചു നൽകിയിട്ടുള്ളത് ആതുകയുടെ റോയൽറ്റി + ടാക്സ് (ജിയോളജി വകുപ്പ് നിശ്ചയിച്ചിട്ടുള്ളത്) ലേലം കൊണ്ടയാൾ അടയ്ക്കേണ്ടതാണ്.പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതും മുൻ തുകയേക്കാൾ കൂടുതൽ കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.
5. ലേലം നിശ്ചയിച്ചിരിക്കുന്ന മണ്ണ് ലേല തീയതിക്ക് മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുമതിയോടെ മണ്ണ് നേരിൽ കണ്ടു ബോധ്യപ്പെടാവുന്നതാണ്.. ലേലം സംബന്ധിച്ച് തിരുവനന്തപുരം റൂറൽ ജില്ലാ

പോലീസ് മേധാവി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.യാതൊരു മുന്നറിയിപ്പും കൂടാതെ ലേല നടപടികൾ റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

PRASANTHAN KANI B K IPS
District Police Chief

| | | |
|---|---|---|
| To | : | സൈബർ പോലീസ് ഹെഡ് ക്വാർട്ടേഴ്സ് -ന് പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി അയയ്ക്കുന്നു. |
| Copy To | : | 1.എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കമാണ്ടന്റുമാർക്കും ആവശ്യമായ പരസ്യം നല്കുന്നതിലേയ്ക്കായി. അയയ്ക്കുന്നു. 2. തിരുവനന്തപുരം റൂറൽ ജില്ലാ പരിധിയിലെ എല്ലാ ഓഫീസർമാർക്കും വ്യാപക പരസ്യത്തിനായി അയയ്ക്കുന്നു. |

E3-69828/2025/T

5574b8